ദൈവദാസനായ

# കനീസിയൂസച്ചൻ



ദൈവേഷ്ടം...

അതുമാത്രം...

അതു മുഴുവൻ

## ദൈവദാസനായ കനീസിയൂസച്ചന്റെ ജീവിതത്തിലെ സുപ്രധാന നാഴികക്കല്ലുകൾ

| | |
|---|---|
| 1914 മെയ് 12 | - ജനനം; ആനന്ദപുരം |
| 1914 ജൂൺ 6 | - മാമ്മോദീസ; പറപ്പൂക്കര |
| 1927 - 1928 | - നാലര ക്ലാസ്; എൽത്തുരുത്ത് |
| 1931 - 1934 | - യോഗാർത്ഥി, ഹൈസ്ക്കൂൾ; പാവറട്ടി |
| 1935 നവം. 24 | - ആദ്യവ്രതം |
| 1936 - 1942 | - സെമിനാരി പഠനം;മംഗലാപുരം |
| 1942 ഡിസം. 21 | - പൗരോഹിത്യ സ്വീകരണം; മംഗലാപുരം |
| 1944 - 1945 | - ഡി.ഡി.പഠനം; കാൻഡി |
| 1948 - 1952 | ഡി.എസ്.എസ്., ഗവേഷണ പഠനം; റോം |
| 1957 - 1959 | - സെമിനാരി പ്രഫസർ; സ്പിരിചൽ മാസ്റ്റർ; ബാംഗ്ളൂർ |
| 1966 - 1972 | - പ്രിയോർ ജനറാൾ;എറണാകുളം |
| 1972 - 1975 | - പ്രൊവിൻഷ്യാൾ; തൃശൂർ |
| 1978 - 1981 | - വികർ ജനറാൾ; എറണാകുളം |
| 1981 - 1996 | - ആത്മീയഗുരു; പരിയാരം |
| 1996 - 1998 | - ആശ്രമാംഗം; അമ്പഴക്കാട് |
| 1998 ജനു. 29 | - മരണം; അമ്പഴക്കാട് |

# ആമുഖം

ദൈവദാസനായ കനീസിയൂസച്ചൻ ജപമാല ഭക്തനാണ്. കനീസിയൂസച്ചന്റെ സമർപ്പണ ജീവിതത്തിൽ മാതൃകയും മാതാവും മുന്നോടിയും പ. കന്യകാ മറിയമായിരുന്നു. കനീസിയൂസച്ചൻ കുറിച്ചു വയ്ക്കുന്നു. "അങ്ങയുടെ ഇളയ മക്കളായ ഞങ്ങളും ഗതിവിഗതികളെല്ലാം അചഞ്ചല വിശ്വാസത്തോടെ അഭിമുഖീകരിച്ച് തീർത്ഥയാത്രയിൽ വിജയം കൈവരിക്കാൻ പ. മറിയമെ തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണ സമയത്തും തമ്പുരാനോട് അപേക്ഷിക്കണമെ". ഈ ജപമാല പ്രാർഥനയ്ക്ക് കനീസിയൂസച്ചൻ പേരിട്ടിരിക്കുന്നത് "ത്രിമുഖ ജപമാലയെന്നാണ് ". ഓരോ ദശകങ്ങളിലും മൂന്ന് രൂപകങ്ങൾ വീതം ധ്യാനത്തിനും പ്രാർഥനയ്ക്കുമായി സമർപ്പിച്ചിരിക്കുന്നു. ഈശോയിലേയ്ക്ക് വളരാൻ ആഗ്രഹിക്കുന്നവർക്ക് ദൈവദാസനായ കനീസിയൂസച്ചൻ എഴുതി തയ്യാറാക്കിയ ഈ ജപമാല ഏറെ ഉപകരിക്കും. പ. അമ്മയുടെ മാധ്യസ്ഥവും, ദൈവദാസനായ കനീസിയൂസച്ചന്റെ പ്രാർഥനകളും

നമ്മുടെ ജീവിതവഴിയിൽ എന്നും അനുഗ്രഹമായിത്തീരട്ടെ. ഈ ജപമാല പ്രാർഥനകളിലൂടെ കടന്നു പോകുന്ന വ്യക്തികൾക്കും, കുടുംബങ്ങൾക്കും, സമൂഹങ്ങൾക്കും ധാരാളം ദൈവാനുഗ്രഹം ലഭിക്കട്ടെ.

വൈസ് – പോസ്റ്റുലേറ്റർ
അമ്പഴക്കാട് ആശ്രമം



# ത്രിമുഖ ജപമാല

## പ്രാരംഭ ജപം

വിശ്വാസത്തിന്റെയും സന്യാസ സമർപ്പണത്തിന്റെയും തീർത്ഥയാത്രയിൽ ഞങ്ങളുടെ മുന്നോടിയും മാതൃകയും മാതാവുമായ പ. കന്യകാമറിയമെ അങ്ങയുടെ തീർത്ഥയാത്രയുടെ വിവിധ ഘട്ടങ്ങളിലൂടെ ആത്മനാ അങ്ങയെ അനുധാവനം ചെയ്യുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

സെഹിയോൻ ഊട്ടുശാലയിൽവച്ച് ശ്ലീഹന്മാരോട് ജീവിതാനുഭവങ്ങൾ പങ്കുവച്ച് അവരെ അങ്ങ് ധ്യാനനിരതരാക്കിയല്ലോ. അപ്പോൾ അവർക്കുണ്ടായ ദിവ്യാനുഭവം ഈ തീർത്ഥയാത്രയിൽ ഞങ്ങൾക്കും നല്കുമാറാകണമെ.

കർത്താവായ ദൈവമേ, ഈ തീർത്ഥയാത്ര വഴി പ. അമ്മയെപ്പോലെ അങ്ങയുടെ ദിവ്യരഹസ്യങ്ങളിലേക്കുള്ള ഉൾക്കാഴ്ചയിൽ വളരുവാൻഞ്ഞ ങ്ങളെസ ഹായിക്കണമെ.പ ിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ,. ആമ്മേൻ

1 സ്വർഗ്ഗ. 3 നന്മ. 1 ത്രിത്വ

## മൂന്ന് സന്ദേശങ്ങൾ: നസ്രസ്സിൽ/ ഗത്സെമനിയിൽ/ കല്ലറയിങ്കൽ

1. ഗബ്രിയേൽ ദൂതൻ വഴി പിതാവായ ദൈവം, പ. കന്യക അനുഗ്രഹീതയാണെന്നും അവളിൽ നിന്നും ജനിക്കാനിരിക്കുന്നത് ദൈവസുത നാണണെന്നും ഉറപ്പു നൽകുന്നു. അവാച്യമായ ആനന്ദ ത്തിന്റെ സന്ദേശം!

2. പക്ഷെ തുടർന്നു നടന്ന സംഭവങ്ങൾ മുൻപറ ഞ്ഞ സന്ദേശത്തെ ചോദ്യം ചെയ്യാവുന്നവയായി രുന്നു. ബേത്‌ലെഹെത്തേയ്ക്കുള്ള ക്ലേശകരമായ യാത്ര, ബേത്‌ലെഹെത്തെ തിരസ്ക്കരണം, പുൽ ക്കൂട്ടിലെ പിറവി, ഹേറോദേസിന്റെ ക്രൂരതയെ ഭയ ന്നുള്ള പലായനം, നസ്രസ്സിലെ സുദീർഘമായ രഹസ്യജീവിതം, പരസ്യജീവിതകാലത്ത് യഹൂ ദന്മാരുടെ മർദ്ദനപരിപാടികൾ, അവസാനം ഗത്സേമിനിയിലെ മരണവേദന. പിതാവിനോടുള്ള യാചന. അതിന് മാലാഖവഴി പിതാവു നല്കുന്ന

സന്ദേശം ആരുടെയും വിശ്വാസത്തെ പിടിച്ചു കുലുക്കാവുന്ന തിക്താനുഭവങ്ങൾ.

3. പിതാവായ ദൈവം മാലാഖമാർ വഴി നല്കുന്ന മൂന്നാമത്തെ സന്ദേശം ക്രൂശിതനായ മനുഷ്യ പുത്രൻ മഹത്വപൂർണ്ണനായി ഉയിർത്തെഴുന്നേറ്റു എന്നതാണ്. അവിടുന്ന് ഇവിടെയില്ല; അവിടുന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു. ഇതായിരുന്നു കല്ലറ സന്ദർശിക്കാനെത്തിയ സ്ത്രീകൾക്ക് മാലാഖാ മാർ നല്കിയ സന്ദേശം! "സ്വർല്ലോക രാജ്ഞീ! ആനന്ദിച്ചാലും!" അങ്ങയുടെ അചഞ്ചല വിശ്വാ സത്തിന്റെ അവസാന വിജയം അിന്ത്യമായ പുനരുത്ഥാനം!

ഈ മൂന്നു സന്ദേശങ്ങളെയും പറ്റി ധ്യാനി ച്ചുകൊണ്ട് നമുക്കു പ്രാർത്ഥിക്കാം.

**1 സ്വർഗ. 10 നന്മ. 1 ത്രിത്വ.**



## മൂന്നു ചിത്രങ്ങൾ: ഈശോ അനുഗ്രഹീതൻ/ ദുർഭഗരിൽ ദുർഭഗൻ/ അനുഗ്രഹദായകൻ!

1. ഈശോ പരിശുദ്ധകന്യകയുടെ ഉദരത്തിലായിരിക്കുമ്പോൾ തന്നെ പരിശുദ്ധാരൂപിയാൽ പ്രചോദിതയായ ഏലീശ്വാ അവിടുത്തെ അനുഗ്രഹീതൻ എന്ന് വിശേഷിപ്പിച്ചു: നിന്റെ ഉദരഫലവും അനുഗ്രഹീതമാകുന്നു. മറിയത്തിന്റെ പ്രത്യുത്തരം: ഞാനെൻ നാഥനെ വാഴ്ത്തുന്നു എന്നു തുടങ്ങുന്ന വിശ്വോത്തരഗീതം!

2. പക്ഷെ പീലാത്തോസിന്റെ കൽത്തളത്തിൽ ഈശോ പ്രത്യക്ഷപ്പെടുന്നത് ദുർഭഗരിൽ ദുർഭഗനായിട്ടാണ്. പടയാളികൾ അവിടുത്തെ അതിരുകടന്ന് നിർദ്ദയം പ്രഹരിച്ചു. പീലാത്തോസ് അവിടുത്തെ ജനസമക്ഷം നിറുത്തി പറഞ്ഞു: ഇതാ

മനുഷ്യൻ! ഈ മനുഷ്യകോലം നഷ്ടപ്പെട്ട മനുഷ്യൻ എന്ന സാരം, ലോകത്തിന്റെ മുമ്പിൽ മറിയം ദുർഭഗനായ മനുഷ്യന്റെ ദുർഭഗയായ മാതാവ്! മറിയത്തിന്റെ വിശ്വാസം അചഞ്ചലമായിരുന്നു. "അല്ലയോ സ്ത്രീ, നിന്റെ വിശ്വാസം എത്രയോ വലുത്!"

3 നാല്പതിലേറെ ദിവസങ്ങൾ കടന്നുപോയി. അന്ന് ഈശോ ഒലിവ് മലമുകളിൽ സ്വന്തപ്പെട്ടവരുടെ ഇടയിൽ നിന്ന് മഹത്വപൂർണ്ണതയോടെ ഉയിർത്തു. ലോകത്തെ മുഴുവൻ ശത്രുക്കളെയും മിത്രങ്ങളെയും ആശീർവ്വദിച്ചുകൊണ്ട് അവിടുന്നു പിതാവിന്റെ പക്കലേക്ക് വിഹായസ്സിലൂടെ ഉയർന്ന് മറഞ്ഞു. മാതൃഹൃദയത്തെ ആനന്ദത്താൽ പുളകം കൊള്ളിച്ച ചിത്രം! അനുഗ്രഹദായകനായ ഈശോ!

**ഈ മൂന്ന് സന്ദേശങ്ങളെയും പറ്റി ധ്യാനിച്ചുകൊണ്ട് നമുക്കു പ്രാർത്ഥിക്കാം**

1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

## ഈശോ/രാജാധിരാജൻ/പരിഹാസരാജാവ്/ ലോകൈകസാമ്രാട്ട്!

1. ആകാശത്തിൽ ദൈവദൂതന്മാരും പുൽക്കൂട്ടിൽ ആട്ടിടയന്മാരും എളിയ വസതിയിൽ ജ്യോതിഷവിദ്വാന്മാരും ദിവ്യശിശുവിനെ ലോകം പ്രതീക്ഷിച്ചിരുന്ന രാജാവായി മിശിഹാ കർത്താവായി ആരാധിച്ചു. അതെ, ഗബ്രിയേൽ ദൂതൻ വഴി പിതാവ് മുൻകൂട്ടി അറിയിച്ചു. ദാവീദിന്റെ സിംഹാസനത്തിൽ എന്നാളും ഭരണം നടത്താനുള്ള രാജാവ്! അമ്മയുടെ മനം കുളിർപ്പിച്ച അനുഭവങ്ങൾ.

2. പക്ഷെ കാലാന്തരത്തിൽ പീലാത്തോസിന്റെ പടയാളികൾ അവിടുത്തെ ചുവപ്പ് വസ്ത്രം ധരിപ്പിച്ച് കയ്യിൽ ഞാങ്ങണ പിടിപ്പിച്ച് തലയിൽ മുൾമുടി തറച്ച് മുഖത്തുതുപ്പി പരിഹസിച്ചു. “യൂദന്മാരുടെ രാജാവേ സ്വസ്തി!” എന്ന അഭിവാദനത്തോടെ അവർ ഞാങ്ങണകൊണ്ട്

അവിടുത്തെ ശിരസ്സിൽ അടിച്ചു. പ. അമ്മയുടെ ഹൃദയത്തെ പിളർന്ന സംഭവം!

3 താമസിയാതെ പന്തക്കുസ്താ തിരുന്നാൾ സമാഗതമായി; അവിടുത്തെ ആഗോള വ്യാപകമായ സാമ്രാജ്യത്തിന്റെ പ്രഖ്യാപന ദിവസം! ശ്ലീഹന്മാർ പരിശുദ്ധാത്മാവിനെകൊണ്ട് നിറഞ്ഞ് ഈശോയുടെ രാജ്യം പ്രഖ്യാപിക്കാൻ തുടങ്ങിയ ദിവസം. ഔദ്യോഗിക വക്താവായ പത്രോസിന്റെ പ്രസംഗം കഴിഞ്ഞപ്പോൾ ഏകദേശം മൂവ്വായിരം ആളുകൾ ആ ദിവസം തന്നെ ഈശോയുടെ സാമ്രാജ്യത്തിലെ അംഗങ്ങളായി. പ. കന്യക ഈ സാമ്രാജ്യത്തിന്റെ മാതാവായി വണങ്ങപ്പെടാനും തുടങ്ങി.

ഈ മൂന്ന് സന്ദേശങ്ങളെയും പറ്റി ധ്യാനിച്ചുകൊണ്ട് നമുക്കു പ്രാർത്ഥിക്കാം.

**1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.**

## നാലാം ദശകം

ഭൗമിക ജറുസലെമിന്റെ അസ്ഥിരത അതിനെ ദുർഭഗയാക്കുന്നു. അത് ആദ്യം ലോക രക്ഷകനെ സ്വീകരിച്ചു; പിന്നീട് അവിടുത്തെ തിരസ്കരിച്ചു; തന്മൂലം അത് എന്നേയ്ക്കുമായി സ്വർഗീയ ജറുസലെമിന് വഴി മാറിക്കൊടുക്കേണ്ടിവന്നു.

1. നൂറ്റാണ്ടുകളായി ജറുസലെം കാത്തിരുന്ന രക്ഷകനെ നീതിമാനായ ശിമയോൻ തിരിച്ചറിഞ്ഞു. ശിശുവിനെ കരങ്ങളിലെടുത്ത് അദ്ദേഹം നിർവൃതിയിൽ ലയിച്ചു. അമ്മയുടെ ഹൃദയവും നിർവൃതിയിലാണ്ടുപോയ നിമിഷങ്ങൾ!

2 പക്ഷേ കാലാന്തരത്തിൽ അതേ ജറുസലെം തന്റെ രക്ഷകനെ നാടുകടത്തി. അവിടുത്തെ സാന്നിദ്ധ്യം ജറുസലെമിന്റെ വിശുദ്ധിക്ക് അയോഗ്യമാണെന്ന് അവൾ വിധിച്ചു. തന്മൂലം ഈശോ മരണവിധിക്കർഹനായി. തകർന്ന

ഹൃദയത്തോടെ അമ്മ അചഞ്ചലയായി മകനെ അനുഗമിച്ചു. "ജറുസലെം, ജറൂസലെം!" ആ വിലാപം ഇന്നും അന്തരീക്ഷത്തിൽ മൃദുലമായി മുഴങ്ങുന്നു.

3 ദുർഭഗയായിത്തീർന്ന ജറുസലെം പിന്നീട് മനസ്സിലാക്കുന്നു: അവളല്ല സാക്ഷാൽ ജറുസലെം എന്ന്. സ്വർഗ്ഗീയ ജറുസലെമിന്റെ പ്രതീകം മാത്രമായിരുന്നു അവൾ! അവൾ നാടുകടത്തിയ രക്ഷകൻ സ്വർഗ്ഗീയ ജറുസലെം തുറന്ന് തന്നെ വിശ്വസ്തതാപൂർവ്വം അനുഗമിച്ച തന്റെ അമ്മയെ സാഘോഷം ദൈവദൂതഗണങ്ങളാൽ സമാവ്രത യായിസ ്വീകരിക്കുന്നു. "ഇന്ന്മ ുതൽഎ ല്ലാ തലമുറയും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും" ഈ വാക്കുകളുടെ സംപൂർണ്ണമായ സാക്ഷാത്ക്കാരം!

ഈ മൂന്നു സന്ദേശങ്ങളെയും പറ്റി ധ്യാനിച്ചുകൊണ്ട് നമുക്കു പ്രാർത്ഥിക്കാം

1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

# അഞ്ചാം ദശകം

## ജറുസലെം പണ്ഡിതന്മാരുടെ പൊള്ളത്തരം/അമ്മയുടെ സുസ്ഥിരത!

1. ജറുസലെം പണ്ഡിതന്മാർ വെറും പന്ത്രണ്ടു കാരനായ ഈശോയുടെ ഗ്രഹണശക്തിയിലും മറുപടികളിലും വിസ്മയിക്കുന്നതു കണ്ടപ്പോൾ അമ്മയുടെ ഹൃദയം അഭിമാനം കൊണ്ടു തുടിച്ചു.

2. പക്ഷെ അതേ പണ്ഡിതന്മാർ കാൽവരിയിലെ കുരിശിൽ അവിടുത്തെ നിസ്സഹായനായി കണ്ടപ്പോൾ അവിടുത്തെ അതിരുകടന്ന് പരിഹസിച്ചു. ഈശോ നിശബ്ദത പാലിക്കുക മാത്രം ചെയ്തു. അമ്മയുടെ ഹൃദയം വ്രണിതമായി. പക്ഷെ അചഞ്ചലമായ വിശ്വസ്തതയോടെ അമ്മ കുരിശിൻ ചുവട്ടിൽ നിലകൊണ്ടു. ധീരവതിയായ സ്ത്രീ! അവളെ ആശ്വസിപ്പിക്കാൻ ആ നിമിഷത്തിൽ ദിവ്യസുതൻ മറന്നില്ല. തന്നിൽ വിശ്വസിക്കാനിരിക്കുന്നവരുടെയെല്ലാം

കന്യകാ മാതാവായി അവളെ അവിടുന്നു യർത്തി. “സ്ത്രീ!–അ ല്ലയോമ ഹോന്നതമായ സ്ത്രീ! എന്ന് സാരം! – “ഇതാ നിന്റെ മകൻ!”

3. ഉയിർപ്പിന്റെ മഹത്വത്തിലും ഈശോ ജറുസലെം പണ്ഡിതന്മാരോട് മൗനം പാലിച്ചു. അനേകരെ നേടിയെടുത്ത അതിനിഗൂഢമായ! മൗനം എവിടെയും എപ്പോഴും ദിവ്യസുതനോട് വിശ്വസ്തത പാലിച്ച അമ്മയെ പിതാവ് സ്വർഗ്ഗ ത്തിൽ ത്രിലോകരാജ്ഞിയായി മുടിധരിപ്പിക്കു ന്നതോടുകൂടി അമ്മയുടെ വിശ്വാസത്തിന്റെയും സമർപ്പണത്തിന്റെയും തീർത്ഥയാത്ര ഫലമണി യുന്നു.

**ഈ മൂന്ന് സന്ദേശങ്ങളെയും പറ്റി**
**ധ്യാനിച്ചുകൊണ്ട് നമുക്കു പ്രാർത്ഥിക്കാം**

**1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.**

## ലുത്തിനിയ

കർത്താവേ, അനുഗ്രഹിക്കണമേ,
മിശിഹായേ, അനുഗ്രഹിക്കണമേ,
കർത്താവേ, അനുഗ്രഹിക്കണമേ,
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന
കേൾക്കണമേ,
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന
കൈക്കൊള്ളണമേ,
സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ,
ഭൂലോക രക്ഷകനായ പുത്രനായ ദൈവമേ,
പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായ പരിശുദ്ധ ത്രിത്വമേ,
പരിശുദ്ധ മറിയമേ,
അവതരിച്ച ദൈവപുത്രന്റെ മാതാവേ,
കന്യകകൾക്കു മകുടമായ നിർമ്മല കന്യകേ,
മിശിഹായുടെ മാതാവേ,
പ്രസാദവരത്തിന്റെ മാതാവേ,
എത്രയും നിർമ്മലയായ മാതാവേ,
അത്യന്ത വിരക്തിയുള്ള മാതാവേ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

കളങ്കമറ്റ കന്യകയായ മാതാവേ,
കന്യാത്വത്തിൽ ഭംഗംവരാത്ത മാതാവേ,
സ്നേഹത്തിന് വിഷയമായിരിക്കുന്ന
മാതാവേ,
സത്ബുദ്ധിയുടെ മാതാവേ,
സൃഷ്ടാവിന്റെ മാതാവേ,
രക്ഷകന്റെ മാതാവേ,
വിവേകവതിയായ കന്യകയേ,
വണക്കത്തിന് ഏറ്റവും യോഗ്യയായ
കന്യകയേ,
സ്തുതിക്കു യോഗ്യയായ കന്യകയേ,
വല്ലഭയായ കന്യകയേ,
വിശ്വസ്തയായ കന്യകയേ,
നീതിയുടെ ദർപ്പണമേ,
ബോധജ്ഞാനത്തിന്റെ സിംഹാസനമേ,
ഞങ്ങളുടെ ആനന്ദത്തിന്റെ കാരണമേ,
ആദ്ധ്യാത്മിക പാത്രമേ,
ബഹുമാനത്തിന്റെ പാത്രമേ,
അദ്ഭുതകരമായ ഭക്തിയുടെ പാത്രമേ,
ദൈവരഹസ്യം നിറഞ്ഞിരിക്കുന്ന
റോസപുഷ്പമേ,
ദാവീദിന്റെ കോട്ടയേ,
നിർമ്മലദന്തംകൊണ്ടുള്ള കോട്ടയേ,
സ്വർണ്ണാലയമേ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

വാഗ്ദാനത്തിന്റെ പേടകമേ,
സ്വർഗ്ഗത്തിന്റെ വാതിലേ,
ഉഷഃകാല നക്ഷത്രമേ,
രോഗികളുടെ ആരോഗ്യമേ,
പാപികളുടെ സങ്കേതമേ,
പീഡിതരുടെ ആശ്വാസമേ,
ക്രിസ്ത്യാനികളുടെ സഹായമേ,
മാലാഖമാരുടെ രാജ്ഞി,
പൂർവ്വ പിതാക്കന്മാരുടെ രാജ്ഞി,
പ്രവാചകന്മാരുടെ രാജ്ഞി,
ശ്ലീഹന്മാരുടെ രാജ്ഞി,
രക്തസാക്ഷികളുടെ രാജ്ഞി,
വന്ദകന്മാരുടെ രാജ്ഞി,
കന്യകകളുടെ രാജ്ഞി,
സകല വിശുദ്ധരുടെ രാജ്ഞി,
അമലോത്ഭവ രാജ്ഞി,
പരിശുദ്ധ ജപമാലയുടെ രാജ്ഞി,
സമാധാനത്തിന്റെ രാജ്ഞി,
സ്വർഗ്ഗാരോപിത രാജ്ഞി,
കർമ്മലസഭയുടെ രാജ്ഞി,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

ഭൂലോക പാപങ്ങളെ സംവഹിക്കുന്ന
ദിവ്യചെമ്മരിയാട്ടിൻ കുട്ടീ,

കർത്താവേ, ഞങ്ങളുടെ പാപങ്ങൾ
പൊറുക്കണമെ
ഭൂലോക പാപങ്ങളെ സംവഹിക്കുന്ന
ദിവ്യചെമ്മരിയാട്ടിൻ കുട്ടീ,
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന
കേൾക്കണമെ
ഭൂലോക പാപങ്ങളെ സംവഹിക്കുന്ന
ദിവ്യചെമ്മരിയാട്ടിൻ കുട്ടീ,
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമെ

## പ്രാർത്ഥിക്കാം

ദൈവത്തിന്റെ പുണ്യപൂർണ്ണയായ മാതാവേ, ഇതാ ഞങ്ങൾ അങ്ങിൽ അഭയം തേടുന്നു. ഞങ്ങളുടെ ആവശ്യനേരത്ത് ഞങ്ങളുടെ അപേക്ഷകൾ ഉപേക്ഷിക്കരുതേ. ഭാഗ്യവതിയും അനുഗ്രഹീതയുമായ കന്യകാമാതാവേ, സകല ആപത്തുകളിൽ നിന്നും എപ്പോഴും ഞങ്ങളെ സംരക്ഷിക്കണമേ.

ഈശോ മിശിഹായുടെ വാഗ്ദാനങ്ങൾക്കു
ഞങ്ങൾ അർഹരാകുവാൻ,
സർവ്വേശ്വരന്റെ പരിശുദ്ധ ദൈവമാതാവേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## സമാപനജപം

### നമുക്കു പ്രാർത്ഥിക്കാം

വിശ്വാസത്തിന്റെയും സമർപ്പണത്തിന്റെയും തീർത്ഥയാത്രയിൽ വിജയം വരിച്ച പ. കന്യകാ മാതാവേ, “ഇതാ കർത്താവിന്റെ ദാസി!” എന്ന് പ്രത്യുത്തരത്തിന്റെ നിമിഷം മുതൽ കർത്താവ് അങ്ങയോടുകൂടെ ഉണ്ടായിരുന്നു. അങ്ങ് സ്ത്രീകളിൽ അനുഗ്രഹീതയായിരുന്നു; അങ്ങയുടെ ഉദരഫലമായ ഈശോയും അനുഗ്രഹീതനായിരുന്നു.

ഈ വസ്തുതകളിൽ ഇരുൾ പരത്തുന്നതും അവയെ നിശ്ശേഷം നിഷ്പ്രഭമാക്കുന്നതുമായ അനേകമനേകം അനുഭവങ്ങൾ അങ്ങയെ അഭിമുഖീകരിച്ചു. അപ്പോഴെല്ലാം അങ്ങയുടെ ഹൃദയത്തുടിപ്പുകളിലൂടെ “ഇതാ കർത്താവിന്റെ ദാസി!” എന്ന സുദൃഢ വാക്കുകൾ മൃദുലമായ തരംഗങ്ങൾവ ഴിപ ിതാവിന്റെസ ന്നിധിയിലെത്തിക്കൊണ്ടിരുന്നു. അതിൽ സംപ്രീതനായ

പിതാവിന്റെ മാലാഖമാർ ആകാശത്തിൽ ആല പിച്ചുകാണും: “അല്ലയോ സ്ത്രീ! നിന്റെ വിശ്വാ സം എത്രയോ വലുത്!” എന്ന സ്തുതി കീർ ത്തനം!

ഈശോയുടെ വേദനിക്കുന്ന ഹൃദയത്തിന് അമ്മയുടെ അചഞ്ചലവിശ്വാസം ആശ്വാസം പകർന്ന ശീതളതൈലമായിത്തീർന്നു. സംപ്രീ തനായ അവിടുന്ന് തന്റെ വിശ്വാസികളുടെ കന്യാമാതൃത്വവും സ്വർഗ്ഗാരോപണ മഹത്വവും സ്വർഗ്ഗത്തിലെ കിരീടധാരണവും വഴി അങ്ങയെ ബഹുമാനിച്ചു.

. അങ്ങയുടെ ഇളയ മക്കളായ ഞങ്ങളും ഗതിവിഗതികളെല്ലാം അചഞ്ചല വിശ്വാസത്തോ ടെ അഭിമുഖികരിച്ച് തീർത്ഥയാത്രയിൽ വിജയം കൈവരിക്കുവാൻ പ. മറിയമേ, തമ്പുരാന്റെ അ മ്മേ, പാപികളായ ഞങ്ങൾക്ക് വേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോടപേ ക്ഷിക്കണമെ.

ആമ്മേൻ



# നാമകരണജപം

സ്നേഹപിതാവായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങേ എളിയ ദാസനായ കനീസിയൂസച്ചൻ വഴി അങ്ങ് നൽകിയ അനുഗ്രഹങ്ങളെയോർത്ത് ഞങ്ങൾ നന്ദി പറയുന്നു. ഏതു പ്രതിസന്ധിയിലും ദൈവേഷ്ടം മുഴുവനായി നിറവേറ്റുവാൻ ജീവിതം ഉഴിഞ്ഞുവച്ച അദ്ദേഹത്തിന്റെ മാതൃക, അനുദിനജീവിതത്തിൽ ഞങ്ങൾക്ക് പ്രചോദനമാകട്ടെ. വചനത്തിന് അനുസൃതമായി ജീവിക്കുവാനും വചനം പ്രഘോഷിക്കുവാനും കനീസിയൂസച്ചൻ പ്രകടമാക്കിയ തീക്ഷ്ണത ഞങ്ങളുടെ ജീവിതത്തിൽ പ്രായോഗികമാക്കുവാൻ അനുഗ്രഹിക്കണമെ. നല്ലവനായ ദൈവമേ, അങ്ങേ മഹത്വത്തിനായി കനീസിയൂസച്ചൻ അൾത്താരയിൽ വണങ്ങപ്പെടുന്നതിന് ഇടവരുത്തണമേ. അദ്ദേഹത്തിന്റെ മാധ്യസ്ഥം വഴി ഞങ്ങൾ അപേക്ഷിക്കുന്ന പ്രത്യേക അനുഗ്രഹങ്ങൾ........ അങ്ങ് ഞങ്ങൾക്ക് നൽകണമെ. ഈ അപേക്ഷകൾ പരി. കർമ്മലനാഥയും, വി. ചാവറയച്ചനും വഴി, കർത്താവീശോ മിശിഹായുടെ നാമത്തിൽ അങ്ങേയ്ക്ക് ഞങ്ങൾ സമർപ്പിക്കുന്നു.

ആമ്മേൻ.

1 സ്വർഗ. 1 നന്മ. 1 ത്രിത്വ.



THE VICE - POSTULATOR

**ST. TERESA'S MONASTERY**

Kottackal, Mala P.O., Kottamuri, Thrissur - 680 732
Tel : 0480 - 289025, 2891080, Mob : 9539444156